# സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കാൻ അനുമതി

തിരുവനന്തപുരം: കള്ള് ചെത്ത് വ്യവസായത്തെ പൂർണമായും സംരക്ഷിച്ചുകൊണ്ട് കേര കർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. തെങ്ങിൽനിന്ന് നീര ഉല്പാദിപ്പിക്കാനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചെത്ത് തൊഴിലാളികളുടെ പരാതികൾ പരിഹരിക്കാൻ യൂണിയൻ പ്രതിനിധികളുമായി എക്സൈസ് മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിലാണ് നീരപദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

പരീക്ഷണാടിസ്ഥാനത്തിലാണ് നീരപദ്ധതി എല്ലാ ജില്ലകളിലെയും 1500 തെങ്ങുകളുള്ള ഓരോ യൂണിറ്റുകളിൽ നടപ്പിലാക്കുക. കള്ളുഷാപ്പുകൾ ലേലത്തിൽ പോകാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു യൂണിറ്റുകളിൽ നീര പദ്ധതി നടപ്പിലാക്കും. നാളികേര വികസനബോർഡുമായി ഫെഡറേറ്റ് ചെയ്ത ഫെഡറേഷനുകൾക്കും കമ്പനികൾക്കും മാത്രമായിരിക്കും നീര ഉല്പാദിപ്പിക്കുവാനുള്ള അനുമതി നൽകുക.

ചെത്ത് തൊഴിലാളികൾക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകും. നീര-ടോഡി ബോർഡ് രൂപവത്കരിക്കുന്നത് സംബന്ധിയായി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് നികുതിവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. സംസ്ഥാനത്ത് നീരയുല്പാദനത്തിന് ആവശ്യമായ ഭേദഗതികൾ അബ്കാരി ചട്ടങ്ങളിൽ ഉൾപ്പെടുത്തും. പൂട്ടിക്കിടക്കുന്ന ഷാപ്പുകളിലെ ചെത്ത് തൊഴിലാളികൾക്ക് ഓണത്തിന് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് യൂണിയനുകളുടെ ആവശ്യങ്ങൾ തൊഴിൽവകുപ്പുമായി ചർച്ചചെയ്യും-മന്ത്രി കെ.ബാബു അറിയിച്ചു.

വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, എൻ.അഴകേശൻ, കെ.എം.സുധാകരൻ, പി.കൃഷ്ണൻ, ടി.എൻ.രമേശൻ, അജിത്കുമാർ, എം.കെ.ഉണ്ണികൃഷ്ണൻ, കേര കർഷകപ്രതിനിധി ബാബുജോസഫ്, എ.അജിത്കുമാർ, അനിൽ സേവ്യർ, ഡോ.മുരളീധരൻ, ഡോ.വി.കെ.രാജു (കാർഷിക സർവകലാശാല), കൃഷി ഡയറക്ടർ ആർ.അജിത്കുമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.